**ബാങ്കുകളുടെ മൂലധന അടിത്തറ ശക്തിപ്പെടുത്തുവാനുള്ള സർക്കാർ പദ്ധതിയെ RBI സ്വാഗതം ചെയ്യുന്നു**

മൂലധനപര്യാപ്തമായ ബാങ്കിങ് വ്യവസ്ഥിതിയും സാമ്പത്തിക സ്ഥാപനങ്ങളും സ്ഥായിയായ സാമ്പത്തിക വളർച്ചയ്ക്ക് അനുപേക്ഷണീയമാണ്. നല്ല നിലയിൽ പ്രവർത്തിക്കുന്ന ബാങ്കുകൾ തിരിച്ചടവ് ശേഷിയുള്ള ആളുകൾക്ക് വായ്പ കൊടുത്താൽ മാത്രമേ സംശുദ്ധിയുള്ള നിക്ഷേപങ്ങളും തൊഴിലവസരങ്ങളും സൃഷ്ടിക്കപ്പെടുകയുള്ളൂ എന്നാണ് സാമ്പത്തിക ചരിത്രം ആവർത്തിച്ചു വെളിവാക്കുന്നത്. ഭാരതത്തിന്റെ ബാങ്കിങ് രംഗത്ത് ശക്തി പകരാനായി ഭാരത സർക്കാർ കൈകൊണ്ട നടപടികൾ, റിസർവ് ബാങ്കിന്റെ അഭിപ്രായത്തിൽ, രാജ്യത്തിൻറെ സാമ്പത്തിക ഭാവി സംരക്ഷിക്കുവാനുള്ള ഉദാത്തമായ കാൽവയ്പാണ്. ബാങ്കിങ് മേഖലയിലെ വെല്ലുവിളികളെ നേരിടുവാനുള്ള സമഗ്രവും സഹജവുമായ ഒരു തന്ത്രം മെനഞ്ഞെടുക്കുവാനുള്ള സാധ്യത കഴിഞ്ഞ ഒരു ദശകത്തിൽ ആദ്യമായി ലഭിച്ചിരിക്കുന്നു. സമ്പദ്ഘടനയുടെ ഇതര മേഖലകൾ ശക്തമായ അവസ്ഥയിൽ നിൽക്കുമ്പോഴാണ് ഈ കാൽവയ്പ് എന്നത് ശുഭസൂചകമായി ഞങ്ങൾ കരുതുന്നു. ബാങ്കിങ് മേഖലയ്ക്ക് നിർദ്ദേശിക്കപ്പെട്ട റീകാപിറ്റലൈസേഷൻ പാക്കേജ് അഭികാമ്യമായ പല സവിശേഷതകളെയും സംയോജിപ്പിക്കുന്നു. റീകാപിറ്റലൈസേഷൻ ബോണ്ട് പ്രവർത്തികമാകുമ്പോൾ ഉണ്ടാകുന്ന ധന മേഖലയിലെ പ്രത്യാഘാതങ്ങൾ നീണ്ട കാലത്തേക്കായി വിന്യസിക്കപെടും. അതിനാൽ ഈ ബോണ്ട് സർക്കാരിന് നിഷ്പക്ഷ ദ്രവ്യത നൽകുന്നു. ബോണ്ടിന് നൽകുന്ന പലിശ തുക മാത്രം വാർഷിക ധന കമ്മിയെ ബാധിച്ചേക്കാം. രണ്ടാമതായി പൊതുമേഖലാ ബാങ്കുകളിൽ സ്വകാര്യ ഓഹരി ഉടമകൾ ഇടപെടുന്നതോടു കൂടി മൂലധനം വിപണിയിൽ നിന്നും ലഭ്യമാകാൻ തുടങ്ങും. അവസാനമായി, ബാലൻസ് ഷീറ്റ് പ്രശ്നങ്ങൾ പരിഹരിക്കുകയും വായ്പാ ആവശ്യങ്ങൾക്ക് അടിയന്തിരമായി പുത്തൻ മൂലധനം സ്വരൂപിക്കുവാൻ കഴിയുകയും ചെയ്യുന്നവർക്ക് മുൻഗണന നൽകുവാനും മറ്റുള്ളവർക്ക് അത്തരം സ്ഥിതിയിലെത്തുവാനുള്ള ശ്രമം തുടങ്ങുവാനുമുള്ള കൃത്യമായ സമീപനം ഇത് അനുവദിക്കുന്നു.

ഗവർണർ
ഉർജിത് ആർ പട്ടേൽ